കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡ്

292(1363) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡ് സ്ഥലമെടുത്ത് വീതി കൂട്ടുന്നതിനുള്ള എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡ് സ്ഥലമെടുത്ത് വീതി കൂട്ടുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കരാറുകാരന്റെ നഷ്ടോത്തരവാദിത്തം

293(1364) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനെതിരെ സുപ്രീം കോടതി വിധിപ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിച്ച നിർമ്മാണ പ്രവർത്തി റീ-ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുകയുണ്ടായോ; നടപടി ഏതു ഘട്ടത്തിലാണ്;

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം കരാറുകാരനും പൊതുമരാമത്ത് വകുപ്പുമായുള്ള കരാർ പ്രകാരം ചെയ്ത തീർത്ത പ്രവർത്തിയുടെ ഔദ്യോഗിക കണക്കെടുപ്പ് പൂർത്തികരിച്ച് കണക്ക് സമർപ്പിച്ചുവോ;

(സി) പ്രസ്തുത പ്രവർത്തിയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും അതുപ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തം എത്രയാണെന്നും കണ്ടെത്തുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക കരാറുകാരന്റെ പക്കൽ നിന്നും ഈടാക്കുവാനും കരാറുകാരനെ കരിമ്പട്ടികയിൽപെടുത്തുവാനുമുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഇ) തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly